# സദ്ഗുണമുള്ള ഒരു ഭാര്യയുടെ സ്വഭാവ വിശേഷങ്ങൾ

സാക് പുന്നൻ

WFTW 04 മെയ് 2014

ദൈവം ഹവ്വയെ സൃഷ്ടിച്ചത് അവൾ പുരുഷന് തക്ക തുണയായിരിക്കേണ്ടതിനാണ് (ഉൽപ. 2:18). അവളുടെ ഈ ശുശ്രൂഷയുടെ മഹത്വം നമുക്ക് ബോദ്ധ്യമാകുന്നത് യേശു പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുമ്പോഴും 'സഹായകൻ' എന്ന പേര് ഉപയോഗിച്ചിരിക്കുന്നു എന്നതു ശ്രദ്ധിക്കുമ്പോഴാണ് (യോഹ. 14:16). പരിശുദ്ധാത്മാവ് അദൃശ്യനായി, നിശ്ശബ്ദനായി, എന്നാൽ ശക്തി നിറഞ്ഞവനായി ഒരു വിശ്വാസിയെ സഹായിക്കുന്നത് എങ്ങനെയാണോ അതുപോലെ തന്നെ പുരുഷനെ സഹായിക്കുന്നതിനാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. 'പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ അണിയറയിലാണ്. ഇങ്ങനെ തന്നെയായിരിക്കണം ഒരു സ്ത്രീയുടെ ശുശ്രൂഷയും.

യേശുവിന്റെ ജീവിതവും സ്ത്രീക്ക് ഒരു മാതൃകയാണ്. കാരണം ദൈവം (പിതാവ്), ക്രിസ്തുവിന്റെ തലയാകുന്നതുപോലെ തന്നെ പുരുഷൻ സ്ത്രീയുടെ തലയാകുന്നു എന്ന് ദൈവവചനം പറയുന്നു (1കൊരി. 11:3). യേശു എല്ലായ്പോഴും തന്റെ പിതാവിനു വിധേയപ്പെട്ടാണ് പ്രവർത്തിച്ചത്. ദൈവഭയമുള്ള ഒരു സഹോദരിയും തന്റെ ഭർത്താവിനോടുള്ള ബന്ധത്തിൽ അങ്ങനെ തന്നെ ആയിരിക്കും. ഒരു തീരുമാനമെടുക്കുന്നതിന് മുമ്പ് തന്റെ ഭർത്താവിനോട് ആലോചിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടു എന്നതാണ് ഏദൻ തോട്ടത്തിൽ ഹവ്വയ്ക്ക് പറ്റിയ തെറ്റ്. അങ്ങനെ സാത്തൻ അവളെ വഞ്ചിച്ചു (1 തിമൊ. 2:14). ഹവ്വ പരാജയപ്പെട്ട സ്ഥാനത്ത്, യേശു തന്റെ പിതാവിനും സഭ ക്രിസ്തുവിനും എന്നപോലെ തങ്ങളുടെ ഭർത്താക്കന്മാർക്കു വിധേയപ്പെടുന്നതിലുള്ള തേജസ് വെളിപ്പെടുത്തുവാൻ ദൈവം ഇന്ന് ക്രിസ്ത്യാനികളായ ഭാര്യമാരെ വിളിക്കുന്നു (എഫെ. 5:24).

പാപം ഈ പ്രപഞ്ചത്തിൽ പ്രവേശിച്ചത് ലൂസിഫറിന്റെ മത്സരത്തിലൂടെയാണ്. രക്ഷ വന്നത് ക്രിസ്തുവിന്റെ കീഴടങ്ങളിലൂടെയും. ദൈവത്തിന്റെ അധികാരത്തിന് താഴ്മയോടെ കീഴടങ്ങുന്ന ആത്മാവാണ് ഈ പ്രപഞ്ചത്തിലുള്ള ഏറ്റവും വലിയ ശക്തി- കാരണം ഇതു ക്രിസ്തുവിന്റെ ആത്മാവാണ്. ആ അത്മാവ് എല്ലാ മത്സരത്തിന്റെ ആത്മാക്കളെയും ക്രൂശിൽ പിടിച്ചടക്കി. ഒരു ഭാര്യ അവളുടെ ഭർത്താവിനു കീഴടങ്ങുമ്പോൾ, വാസ്തവത്തിൽ അങ്ങനെ ചെയ്യാൻ അവളോട് കല്പിക്കുന്ന ദൈവവചനത്തിന്റെ അധികാരത്തിനു കീഴ്പ്പെടുകയാണ്. അപ്പോൾ അവൾ പ്രപഞ്ചത്തിലെ ഏറ്റവും വലിയ ശക്തിയാൽ സ്വാധീനിക്കപ്പെടുകയുമാണ്. അവിശ്വാസിയായ ഭർത്താവിനെപ്പോലും നേടുവാൻ ആ വലിയ ശക്തിയാൽ അവൾക്കു സാധ്യമാകുന്നു (1 പത്രൊ. 3:1,2). ഭൗമിക ജീവിതത്തിൽ ഇങ്ങനെ വിധേയത്വമുള്ള ഒരാത്മാവിൽ ജീവിച്ചാൽ അവൾ ഒരു ജയാളിയായിത്തീരുകയും യേശുവിനോടുകൂടെ നിത്യയുഗം വാഴുവാനുള്ള യോഗ്യത നേടുകയും ചെയ്യും (വെളി. 3:21).

ഇവിടെയാണ് സാത്താൻ വീണ്ടും സ്ത്രീയെ വഞ്ചിക്കുന്നത്. മത്സരത്തിന്റെ ആത്മാവിലൂടെ ദുതന്മാരെ വഴി തെറ്റിച്ചതുപോലെ അവൻ സ്ത്രീയെയും വഴി തെറ്റിക്കുന്നു. മത്സരിക്കാരിയായ ഒരു ഭാര്യ അവളുടെ ഭവനത്തെ, ഏതു മരുഭൂമിയെക്കാളും വഷളായ ശൂന്യവും പാഴുമായ തരിശു ഭൂമിയാക്കി മാറ്റുന്നു (സദൃ. 21:19).മറിച്ച് സദ്ഗുണമുള്ള, വിധേയത്വമുള്ള ഭാര്യ അവളുടെ ഭർത്താവിനെ രാജാവായി കിരീടം ധരിപ്പിക്കുകയും അങ്ങനെ അവളുടെ ഭവനത്തെ ഒരു കൊട്ടാരമാക്കി മാറ്റുകയും ചെയ്യുന്നു (സദൃ. 12:14). ആത്മീയമായി പറഞ്ഞാൽ നിങ്ങളുടെ ഭവനം ഒന്നുകിൽ ഒരു കൊട്ടാരമായിത്തീരാം അല്ലെങ്കിൽ ഒരു മരുഭൂമിയായിത്തീരാം. നിങ്ങൾ ഏതു തരത്തിലുള്ള ഭാര്യയാണ് എന്നതിനെ ആശ്രയിച്ചാണ് അതിരിക്കുന്നത്. ദൈവം ഏറ്റവും ഉന്നതമായി വിലമതിക്കുന്നത് സൌമ്യതയും സാവധാനതയുമുള്ള ആത്മാവിനെയാണ് എന്നതിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല (1 പത്രൊ. 3:4).

സദൃ. 31:10-31 വരെയുള്ള വാക്യങ്ങളിൽ ഈ സദ്ഗുണമുള്ള ഭാര്യയുടെ സ്വാഭാവ വിശേഷങ്ങൾ വിവരിക്കുന്നു. അവളുടെ ഹൃദയം, കൈകൾ, നാവ് ഇവ വളരെ മഹത്തരമാണെന്ന് വിവരിക്കപ്പെട്ടിരിക്കുന്നു. അവളുടെ ശരീര സൌന്ദര്യം സ്ത്രൈണ ലാവണ്യം ഇവയെക്കുറിച്ചൊന്നും എടുത്തു പറഞ്ഞിട്ടില്ല. കാരണം ഇവയെല്ലാം വിലയില്ലാത്തതും വഞ്ചനാത്മകവുമാണെന്ന് പറഞ്ഞിരിക്കുന്നു (വാ. 30). എല്ലാ സ്ത്രീകളും,

യുവതികളായ പെൺകുട്ടികളും പ്രത്യേകിച്ച വിവാഹത്തെക്കുറിച്ച് ചിന്തിക്കുന്ന യുവാക്കൻമാരും ഈ വസ്തുത മനസ്സിലാക്കിയിരുന്നെങ്കിൽ അതുവളരെ ശ്രേഷ്ഠകരമായിരുന്നേനെ.

ഇവിടെ വർണ്ണിക്കപ്പെട്ടിരിക്കുന്ന സദ്ഗുണമുള്ള സ്ത്രീക്ക് ദൈവത്തെ ഭയപ്പെടുന്ന ഒരു ഹൃദയമുണ്ട് (വാക്യം 30). അതാണു അവളുടെ മുഴുജീവിതത്തിന്റെയും അടിസ്ഥാനം. അവൾ അതുകൊണ്ടു വേല ചെയ്യുന്നു, വസ്ത്രങ്ങൾ തുന്നുകയും ആഹാരം പാകം ചെയ്യുകയും ദരിദ്രരെ സഹായിക്കുകയും ചെയ്യുന്നു (വാ. 13-22). അവൾ തന്റെ നാവിനെ എല്ലാ സമയത്തും ദയയോടും ജ്ഞാനത്തോടുംകൂടെ ഉപയോഗിക്കുന്നു (വാ.26). സൌന്ദര്യമുള്ളവൾ അല്ലെങ്കിലും അവൾ ദൈവഭയമുള്ള നിർമ്മല ഹൃദയത്തിലൂടെയും പരുപരുത്ത കൈകളിലൂടെയും മൃദുവായ നാവിലൂടെയും ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നു (ലോകസ്ത്രീകൾക്ക് ഇതിനു വിരുദ്ധമായി ഒരു അശുദ്ധഹൃദയവും മൃദുവായ കൈകളും പരുക്കൻ നാവുമാണുള്ളത്). ഈ മേഖലകളിൽ തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനാണു ദൈവം സ്ത്രീകളെ അന്വേഷിക്കുന്നത്.

ഒരു ഭാര്യ എന്ന നിലയിൽ, ഈ സ്ദഗുണപൂർണ്ണയായ സ്ത്രീ അവളുടെ ഭർത്താവിന് ഒരു യഥാർത്ഥ സഹായി ആണ്. അവൾ തന്റെ ആയുഷ്കാലം മുഴുവനും അവന് തിൻമയല്ല നൻമ തന്നെ ചെയ്യുന്നു (വാക്യം 12). മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവൾക്ക് അദ്ദേഹത്തോടുള്ള ആദ്യസ്നേഹം ഒരിക്കലും നഷ്ടപ്പെടുന്നില്ല. തന്റെ ഭർത്താവിന്റെ തൊഴിൽ, ജീവിതത്തിൽ അയാൾക്കുള്ള ദൈവവിളി എന്നിവയുമായി അവൾ തന്നെത്തന്നെ ക്രമപ്പെടുത്തുന്നു. പണം ഒട്ടും പാഴായി പോകാതിരിക്കുന്നതിനായി മിതവ്യയം ചെയ്യുകയും സൂക്ഷ്മതയോടെ ചെലവാക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന് തന്റെ ദേശത്തു കർത്താവിനുവേണ്ടി ഒരു ശുശ്രൂഷ ഉണ്ടാകേണ്ടതിന് ഭവനത്തിലെ ഉത്തരവാദിത്വങ്ങളിൽ നിന്ന് അവൾ അയാളെ ഒഴിവാക്കുന്നു (വാ. 23-27). ലോകത്തിലുള്ള എല്ലാ സ്ത്രീകളെക്കാളും (വനിതാ പ്രധാന മന്ത്രിമാരും വനിതാ മതപ്രഭാഷകരും ഉൾപ്പെടെ) ശ്രേഷ്ഠയായിരിക്കുന്നു എന്നു പറഞ്ഞ് ഭർത്താവ് അവളെ പ്രശംസിക്കുന്നതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല (വാ.29). ഇത്തരത്തിലുള്ള സ്ത്രീ പരസ്യമായും പ്രശംസിക്കപ്പെടാൻ അർഹതയുള്ളവളാണ്. കാരണം ഒരു സ്ത്രീ എന്ന നിലയിൽ തന്റെ വിളിയുടെ മഹത്വം അവൾ മനസ്സിലാക്കിയിട്ടുണ്ട്.

(മൊഴിമാറ്റം: സാജു ജോസഫ്)